# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 374** **01.12.2015 ൽ മറുപടിക്ക്**

### വൈദ്യുതി ചാർജ്ജ്

**ചോദ്യം** **ഉത്തരം**

ശ്രീ.സി.കെ.സദാശിവൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

**ചോദ്യം (എ)** 2010-11, 2014-15 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു; 2015-16 വർഷത്തിൽ കെ.എസ്.ഇ.ബി അതിന്റെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണ്; വ്യക്തമാക്കാമോ ;

**ഉത്തരം (എ)** 2010-2011, 2014-2015 സാമ്പത്തിക വർഷങ്ങളിലെ കെ.എസ്.ഇ.ബി. യുടെ വൈദ്യുതി ചാർജ്ജിനത്തിലുള്ള വരുമാനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2010-11 | 5403.76 |
| 2014-15 (താത്കാലിക കണക്ക്) | 10116.26 |

2015-16 ൽ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരുമാനം 10340.84 കോടിയാണ്.

**ചോദ്യം (ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതിചാർജ്ജ് എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി; എത്ര ശതമാനം വീതമായിരുന്നു നിരക്ക് വർദ്ധന; ഓരോ നിരക്ക് വർദ്ധനയിലൂടെയും അധികമായി ലഭിച്ച വരുമാനം എത്ര വീതമായിരുന്നു.

**ഉത്തരം (ബി)** മൂന്നു തവണ വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിരക്ക് വർദ്ധനവ് (ശതമാനത്തിൽ) അധികവരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി | വർദ്ധനവ് വർഷംതിരിച്ച്) | അധിക വരുമാനം | (ശതമാനത്തിൽ) |
|---|---|---|---|
| 01.07.2012 | 2012-13 | 1257 കോടി | 24 |
| 01.05.2013 | 2013-14 | 589 കോടി | 9.1 |
| 16.08.2014 | 2014-15 | 600 കോടി | 6.7 |

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബോർഡിന്റെ നഷ്ടം എത്ര കോടിയായിരുന്നു; ഇപ്പോൾ അത് എത്രയാണ്; 2010-11 ലേതിനേക്കാൾ എത്ര ശതമാനം നഷ്ടം 2014-15 വർഷത്തിലുണ്ടായിട്ടുണ്ട്; നിലവിൽ എത്ര കോടി രൂപയുടെ കടബാദ്ധ്യതകൾ ഉണ്ട്; വിശദമാക്കാമോ ? | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2010-11 സാമ്പത്തിക വർഷത്തിൽ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന ഇക്വിറ്റിയുടെ 15.5% ലാഭം അക്കൗണ്ട്സിൽ കാണിച്ചിട്ടുണ്ട്. ഈ ലാഭം കാണിക്കേണ്ട തുകയിൽ വന്ന കുറവും, നഷ്ടവും ചേർത്ത് റവന്യൂ ഗ്യാപ്പ്/റെഗുലേറ്ററി അസറ്റായി കാണിച്ചിട്ടുണ്ട്.<br>ഇപ്രകാരം 2010-11 സാമ്പത്തിക വർഷത്തെ റവന്യൂ ഗ്യാപ്പ് 1229.63 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തെ താല്ക്കാലിക കണക്ക് പ്രകാരം നഷ്ടം 1272.90 കോടി രൂപയുമാണ്.<br>നിലവിലെ ബോർഡിന്റെ കടബാദ്ധ്യതകൾ 23.11.2015 പ്രകാരം ചുവടെ ചേർക്കുന്നു.<br>തുക കോടിയിൽ |

| | |
|---|---|
| ഓവർ ഡ്രാഫ്റ്റ് | 1635.70 |
| ഹ്രസ്വകാല വായ്പ | 2500.00 |
| മദ്ധ്യകാല വായ്പ | 313.89 |
| ദീർഘകാല വായ്പ | 1455.52 |
| ആകെ | 5905.11 കോടി രൂപ |

സെക്ഷൻ ഓഫീസർ